©
**കേരള സർക്കാർ**
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 9** Vol. IX | **തിരുവനന്തപുരം, ചൊവ്വ** Thiruvananthapuram, Tuesday | **2020 ജനുവരി 28** 28th January 2020 **1195 മകരം 14** 14th Makaram 1195 **1941 മാഘം 8** 8th Magha 1941 | **നമ്പർ** No. | **274** |

### കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ 6/2020/ത.സ്വ.ഭ.വ — *തിരുവനന്തപുരം, 2020 ജനുവരി 22*
**എസ്. ആർ. ഒ. നമ്പർ 62/2020** — *1195 മകരം 8*

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിലെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിലെ കടനാട് വില്ലേജിൽ, കടനാട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "പുറമ്പോക്ക് റോഡ്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ പുറമ്പോക്ക് ഭൂമി, പ്രസ്തുത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചതിനുശേഷം, പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും കേരള സർക്കാർ ഇതിനാൽ ഒഴിവാക്കുന്നു.

<u>പട്ടിക</u>

| | | |
|---|---|---|
| ജില്ല | .. | കോട്ടയം |
| താലൂക്ക് | .. | മീനച്ചിൽ |
| വില്ലേജ് | .. | കടനാട് |
| ഗ്രാമപഞ്ചായത്ത് | .. | കടനാട് |
| ബ്ലോക്ക് നമ്പർ | .. | 30 |
| റീസർവ്വേ നമ്പർ | .. | 185/1 |
| വിസ്തീർണ്ണം | .. | 3.28 ആർ |

<u>അതിരുകൾ</u>

| | | |
|---|---|---|
| വടക്ക് | .. | തോമസ് പുളുക്കിയിൽ വക സ്ഥലം |
| തെക്ക് | .. | റോഡ് പുറമ്പോക്ക് |
| കിഴക്ക് | .. | റോഡ് പുറമ്പോക്ക് |
| പടിഞ്ഞാറ് | .. | സണ്ണി കുട്ടിയാനിക്കൽ വക സ്ഥലം |

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ടി. കെ. ജോസ്
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ കടനാട് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "പുറമ്പോക്ക് റോഡ്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും റീസർവ്വേ 185/1 -ൽ പ്പെട്ടതുമായ 3.28 ആർ പുറമ്പോക്ക് ഭൂമി പ്രസ്തുത ആക്റ്റിലെ 169-ാം വകുപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2020.01.28 08:30:47 +05:30